മലപ്പുറം	2,92,65,562
കോഴിക്കോട്	5,83,54,064
വയനാട്	11,22,40,595
കണ്ണൂർ	4,37,93,569
കാസർഗോഡ്	3,40,13,931
ആകെ	69,69,47,139

(സി&ഡി) കടബാധ്യതമൂലം ദുരിതത്തിലാണ്ട കർഷകർക്ക് ആശ്വാസം നൽകുന്നതിനുവേണ്ടി, ന്യായ നിർണ്ണയം നടത്തി അവാർഡുകൾ പാസ്സാക്കുന്നതിനും മദ്ധ്യസ്ഥതയിലൂടെയും അനുരഞ്ജനത്തിലൂടെയും അത്തരം കർഷകരുടെ സങ്കടങ്ങൾ പരിഹരിക്കുന്നതിന് ഉചിതമായ നടപടികൾക്ക് ശിപാർശ നൽകുന്നതിനുംവേണ്ടി യാണ് കർഷക കടാശ്വാസ കമ്മീഷൻ രൂപീകരിച്ചിട്ടുള്ളത്. കടാശ്വാസം ലഭിക്കുന്ന തിനായി കർഷകർ നൽകിയിട്ടുള്ള അപേക്ഷകളിൽ കർഷകരെയും ബന്ധപ്പെട്ട സഹകരണ ബാങ്കിന്റെ പ്രതിനിധിയേയും കേട്ടതിനുശേഷമാണ് കമ്മീഷൻ കടാശ്വാസം ശിപാർശ ചെയ്യുന്നത്. കമ്മീഷൻ ശിപാർശ ചെയ്യുന്ന കടാശ്വാസം ബഡ്ജറ്റ് വിഹിതത്തിന്റെ ലഭ്യതയ്ക്കനുസൃതമായി അനുവദിച്ചുവരുന്നു. കമ്മീഷൻ മുമ്പാകെ നാളിതുവരെ ലഭിച്ചിട്ടുള്ള അപേക്ഷകളിൽ 90 ശതമാനത്തോളം തീർപ്പാക്കിയിട്ടുണ്ട്. ബാക്കിയുള്ളവ അടിയന്തരമായി തീർപ്പാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

കർഷക കടാശ്വാസ കമ്മീഷൻ തീർപ്പാക്കാനുള്ള അപേക്ഷകൾ

114 (2747) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കർഷക കടാശ്വാസ കമ്മീഷന് മുമ്പാകെ ഇപ്പോൾ എത്ര അപേക്ഷകളാണ് തീർപ്പാക്കാനുള്ളത് എന്ന് വ്യക്തമാക്കാമോ ; ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാ ക്കാമോ ?

ഉത്തരം

കർഷക കടാശ്വാസ കമ്മീഷൻ മുമ്പാകെ 46,008 അപേക്ഷകൾ തീർപ്പാക്കാൻ അവശേഷിക്കുന്നുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly

ക്രമ നമ്പർ	ജില്ല	തീർപ്പാക്കാനുള്ള അപേക്ഷകൾ
1.	തിരുവനന്തപുരം	...
2.	കൊല്ലം	...
3.	പത്തനംതിട്ട	...
4.	ആലപ്പുഴ	2,500
5.	കോട്ടയം	...
6.	ഇടുക്കി	23,198
7.	എറണാകുളം	...
8.	തൃശ്ശൂർ	...
9.	പാലക്കാട്	100
10.	മലപ്പുറം	50
11.	കോഴിക്കോട്	1,950
12.	വയനാട്	14,460
13.	കണ്ണൂർ	1,050
14.	കാസർഗോഡ്	2,700
	ആകെ	46,008

മിൽമ മാതൃകയിൽ കാർഷിക സഹകരണ സംഘങ്ങൾ

115 (2748) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിൽമയുടെ പ്രവർത്തന മാതൃകയിൽ കാർഷികോത്പന്നങ്ങൾ കർഷകർക്കും ഉപഭോക്താക്കൾക്കും പ്രയോജനപ്രദമാകുംവിധം വിപണനം നടത്തുന്നതിന് വികസന ബ്ലോക്ക് തോറും കാർഷിക സഹകരണ സംഘങ്ങൾ രൂപീകരിക്കുമെന്ന 2014-15-ലെ ബഡ്ജറ്റ് പ്രഖ്യാപനം നടപ്പാക്കിയോ ;

(ബി) എത്ര വികസന ബ്ലോക്കുകളിൽ ഇത്തരത്തിൽ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട് എന്നറിയിക്കാമോ ;

(സി) ഏതെല്ലാം കാർഷിക ഉൽപ്പന്നങ്ങളാണ് ഈ സംഘങ്ങൾ മുഖേന സംഭരണം ചെയ്തിട്ടുള്ളത് ?

LIBRARY ARCHIVES Kerala Legislative Assembly